"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - എറണാകുളം ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായിരുന്ന ഡോ.വിജയ കരുണാകരനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1315/2023/H&FWD തീയതി,തിരുവനന്തപുരം, 31-05-2023

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15-05-2020 തീയതിയിലെ ഇസി - 2/66507/2015/ആവഡ നമ്പർ കത്ത്
2. 23/07/2021 തീയതിയിലെ എ3/292/2016/ആകുവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

<u>ഉത്തരവ്</u>

എറണാകുളം ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായിരിക്കേ 28.07.2004 മുതൽ അനധികൃതാവധിയിൽ തുടർന്നിരുന്ന ഡോ.വിജയ കരുണാകരനെതിരായി ആരോഗ്യ വകുപ്പ് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിക്കുകയും 01.05.2018 തീയതിയിൽ ഇസി2-96268/2017/ആവഡ നമ്പരായി കുറ്റാരോപണമെമ്മോ നൽകുകയും പ്രസ്തുത മെമ്മോയ്ക്ക് ടിയാൾ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ,ടിയാൾക്കെതിരായി കെ സി എസ് സി സി & എ ചട്ടം 15 പ്രകാരം ഔപചാരികാന്വേഷണം നടത്തുകയും തുടർ നടപടികൾക്കായി പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് സഹിതം ശിപാർശ ലഭ്യമാക്കുകയും ഉണ്ടായി. തുടർന്ന് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ.വിജയ കരുണാകരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് കെ.സി.എസ് സി സി &എ ചട്ടം 11 (vii) പ്രകാരം താല്കാലിക തീരുമാനം കൈക്കൊള്ളുകയും തുടർന്ന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി . അച്ചടക്ക നടപടി നടന്നുവരവേ 31.05.2022 ൽ ടിയാൾ സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി .

2. തുടർന്ന് ടിയാൾക്കെതിരായ അച്ചടക്ക നടപടി തുടരുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഡോ.വിജയ കരുണാകരൻ സർവ്വീസിൽ പ്രവേശിച്ചത് 01.08.1992 തിയതിയിലും, ശൂന്യവേതനാവധിയിൽ പ്രവേശിച്ചത് 28.07.2001 തീയതി മുതലും ആണ്. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 01.08.1992 മുതൽ 27.07.2001 വരെയുള്ള കാലയളവിൽ 25.01.1996-ലും, 25.01.1999 മുതൽ 10.02.1999 വരെയും 12.04.1999 മുതൽ 27.07.2001 വരെയും ടിയാൾ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിന്നിരുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. ടി കാലയളവ് റെഗുലറൈസ് ചെയ്തിട്ടില്ല. കെ.എസ്.ആർ ഭാഗം III ചട്ടം 57 പ്രകാരം മിനിമം പെൻഷനുള്ള യോഗ്യ സേവനകാലം പത്ത് വർഷമാണ്. ഡോ.വിജയ കരുണാകരന് 9 വർഷത്തിൽ കൂടുതൽ യോഗ്യ സേവനകാലമില്ലാത്തതിനാൽ ടിയാൾക്ക് മിനിമം പെൻഷനുള്ള അർഹതയില്ല. കൂടാതെ 28.07.2001 മുതൽ 27.07.2004 വരെയുള്ള കാലയളവിൽ ടിയാൾ കെ.എസ്.ആർ ഭാഗം I, Appendix XII A പ്രകാരമുള്ള ശൂന്യവേതനാവധി എടുത്തതുകൊണ്ടും, തുടർന്ന് അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതു കൊണ്ടുമാണ് മിനിമം പെൻഷനുള്ള യോഗ്യത നഷ്ടപ്പെട്ടത് എന്നതിനാൽ ടിയാൾക്ക് എക്സ്ഗ്രേഷ്യാ പെൻഷനും അർഹതയില്ല. വിരമിച്ച സർക്കാർ ജീവനക്കാർക്കെതിരായ ശിക്ഷാനടപടികൾ തീർപ്പാക്കുന്നത് കെ.എസ്.ആർ ഭാഗം III ചട്ടങ്ങൾ പ്രകാരം പെൻഷനിൽ നിന്നും തുക കുറവ് വരുത്തിയാണ് . ഡോ.വിജയ കരുണാകരന് മിനിമം പെൻഷനോ എക്സ്ഗ്രേഷ്യാ പെൻഷനോ അർഹതിയില്ലാത്ത സാഹചര്യത്തിൽ ടിയാരിക്കെതിരെ കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷനിൽ കുറവു വരുത്തി അച്ചടക്ക നടപടി തീർപ്പാക്കുവാനും കഴിയുകയില്ല. ടിയാന് യാതൊരു പെൻഷൻ ആനുകൂല്യങ്ങൾക്കും അർഹതയില്ലാത്തതിനാൽ സർവ്വീസിൽ നിന്നും വിട്ടുനിന്ന 28.07.2004 മുതൽ 31.05.2022

വരെയുള്ള കാലയളവ് ക്രമീകരിക്കേണ്ടതുമില്ല

3. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഡോ.വിജയാ കരുണാകരനെതിരായി ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർ നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.വിജയ കരുണാകരൻ, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് ) കേരള ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 01-06-2023 10:54:57

**മേലെഴുത്ത് നം-ഇ.സി.2-96268/2017/ആ.വ.ഡ., തീയതി: 22/06/2023.**

മേൽ പ്രകാരമുള്ള ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി നൽകുന്നു.

**ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി.**

സ്വീകർത്താവ്:-
ഡോ.വിജയ കരുണാകരൻ,
അസിസ്റ്റന്റ് സർജൻ,
ജനറൽ ആശുപത്രി,
എറണാകുളം. (ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) മുഖാന്തരം)

പകർപ്പ്:-
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം.
2. സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം.
3. സൂപ്രണ്ട്, ഇ.എ./ഇ.ബി./ഇ.എസ്. സെക്ഷൻ.
4. ഫയൽ/കരുതൽ ഫയൽ.